പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2573 **28-10-2026-ൽ മറുപടിയ്ക്ക്**

തൊഴിൽ അവസരങ്ങൾ ലഭിക്കുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ദീപക് ജോയ്

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവതീ യുവാക്കൾക്ക് സ്റ്റാർട്ടപ്പുകൾ, സ്വയംതൊഴിൽ സംരംഭങ്ങൾ, ഡിജിറ്റൽ തൊഴിൽ മേഖലകൾ എന്നിവയിൽ അവസരങ്ങൾ വർധിപ്പിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ?

മറുപടി: 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗക്കാർക്കായി ദാക്ഷായണി സ്വയംതൊഴിൽ സഹായ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ വനിതാ സമൃദ്ധി-സ്ത്രീ ശാക്തീകരണ പദ്ധതി, കെ-ബിസ് സംരംഭകത്വ മിഷൻ എന്നീ പുതിയ പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിലെ യുവതീ യുവാക്കൾക്ക് സ്റ്റാർട്ടപ്പുകൾ, സ്വയംതൊഴിൽ സംരംഭങ്ങൾ, ഡിജിറ്റൽ തൊഴിൽ മേഖലകൾ എന്നിവയിൽ തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനായി നിലവിൽ സ്വയംതൊഴിൽ സബ്സിഡി പദ്ധതി, സമൃദ്ധി കേരളം ടോപ്പ്-അപ്പ് ലോൺ പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്കും കുടുംബങ്ങൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, ഡിജിറ്റൽ തൊഴിൽ മേഖലകൾ എന്നിവയിൽ സുസ്ഥിരമായ ഉപജീവനവും നൂതന തൊഴിലവസരങ്ങളും ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് താഴെ പറയുന്ന പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു:

1. പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ (സ്വയംതൊഴിൽ സംരംഭങ്ങൾ):

ഈ പദ്ധതിയിലൂടെ വ്യക്തിഗതമായും സംഘങ്ങളായും താഴെ പറയുന്ന 12 പ്രധാന സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു:

i. ഔഷധ സസ്യങ്ങളുടെ കൃഷിയും വിളവെടുപ്പും

ii. ഉൾനാടൻ മത്സ്യക്കൃഷി (മീൻ കൂട് പദ്ധതി)

iii. വരുമാന വീട് പദ്ധതി (തൊഴിൽ പരിശീലനം നേടിയ വനിതകൾക്ക്)

iv. VCFS മാതൃകയിലുള്ള പരമ്പരാഗത ടൈബൽ ഫുഡ് കോർട്ടുകൾ

v. കാർഷിക-വനവിഭവ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ

vi. ആധുനിക കാർഷിക യന്ത്രങ്ങൾ വാങ്ങൽ

vii. ആട് വളർത്തൽ/ കേരള ചിക്കൻ പദ്ധതി

viii. പരമ്പരാഗത ഗോത്ര വാദ്യോപകരണങ്ങൾ വാങ്ങൽ

ix. സാങ്കേതിക വിദ്യാഭ്യാസം നേടിയവർക്കുള്ള സ്വയംതൊഴിൽ സംരംഭങ്ങൾ

x. ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്, ലെയ്ത്ത്/ഫാബ്രിക്കേഷൻ, സ്റ്റുഡിയോ സംരംഭങ്ങൾ

xi. ലേബർ കോൺട്രാക്ട് യൂണിറ്റുകൾ

xii. അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം.

2. ഡിജിറ്റൽ തൊഴിൽ മേഖലകൾ:

പട്ടികവർഗ്ഗ യുവതീയുവാക്കളെ ആധുനിക ഐ.ടി/ഡിജിറ്റൽ സാങ്കേതിക തൊഴിലുകൾക്കായി സജ്ജരാക്കുന്നതിന് സംസ്ഥാനത്തെ പ്രമുഖ സാങ്കേതിക സ്ഥാപനങ്ങളുമായി ചേർന്ന് പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാം ഇൻ ഡാറ്റാ സയൻസ് & മെഷീൻ ലേണിംഗ് (PGP in Data Science & ML), പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ബ്ലോക്ക് ചെയിൻ ടെക്നോളജി (PG Diploma in Blockchain Technology), സർട്ടിഫിക്കറ്റ് ഇൻ പി.സി.ബി. ഡിസൈനിംഗ് (Certificate in PCB Design), പി.ജി. ഡിപ്ലോമ ഇൻ സൈബർ സെക്യൂരിറ്റി (PG Diploma in Cyber Security) കോഴ്സുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് .

3. സ്റ്റാർട്ടപ്പ് സംരംഭങ്ങൾ

സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് താൽപര്യം പ്രകടിപ്പിക്കുന്ന അപേക്ഷകരെ "പട്ടികവർഗ്ഗ ഊരുകൾക്കായുള്ള ഉപജീവന മിഷൻ"പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ